● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# ലോകാവസാനം സംഭവിക്കുമ്പോൾ

(അധ്യായം 69 ●അൽഹാഖ്ഖ)

فَإِذَا نُفِخَ فِي ٱلصُّورِ نَفْخَةٌ وَٰحِدَةٌ ﴿١٣﴾ وَحُمِلَتِ ٱلْأَرْضُ
وَٱلْجِبَالُ فَدُكَّتَا دَكَّةً وَٰحِدَةً ﴿١٤﴾ فَيَوْمَئِذٍ وَقَعَتِ
ٱلْوَاقِعَةُ ﴿١٥﴾ وَٱنشَقَّتِ ٱلسَّمَآءُ فَهِيَ يَوْمَئِذٍ وَاهِيَةٌ
﴿١٦﴾ وَٱلْمَلَكُ عَلَىٰٓ أَرْجَآئِهَآ ۚ وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ
يَوْمَئِذٍ ثَمَٰنِيَةٌ ﴿١٧﴾ يَوْمَئِذٍ تُعْرَضُونَ لَا تَخْفَىٰ مِنكُمْ
خَافِيَةٌ ﴿١٨﴾

(13) കാഹളത്തിൽ ഒരു ഊത്ത് ഊതപ്പെട്ടാൽ
(14) ഭൂമിയും പർവതങ്ങളും പൊക്കിയെടുത്ത് ഒറ്റയടിക്ക് തകർക്കപ്പെടും.
(15) അന്നേദിവസം ആ കടുത്ത സംഭവം സംഭവിക്കുകയായി.
(16) വാനലോകം പൊട്ടിത്തകരും. അത് കടലാസുകോട്ടപോലെ തകർന്നുവീഴും.
(17) മലക്കുകൾ അതിന്റെ നാലുപാടും നിലകൊള്ളും. നിന്റെ നാഥന്റെ ദിവ്യാസനം അന്ന് എട്ടു മലക്കുകൾ ചുമക്കുന്നുണ്ടാകും.
(18) അന്ന് നിങ്ങൾ പരസ്യമായി വിചാരണ ചെയ്യപ്പെടും. നിങ്ങളുടെ ഒരു രഹസ്യംപോലും അജ്ഞാതമാവുകയില്ല.

## പദ വിശകലനം

**فإذا نفخ** ഊതപ്പെട്ടാൽ, **في الصور** കാഹളത്തിൽ, **نفخة واحدة** ഒരു ഊത്ത്, **وحُمّلت** പൊക്കിയെടുത്തു, **الأرض** ഭൂമി, **والجبال** പർവതങ്ങളും, **فَدُكّنَا** തകർക്കപ്പെടും, **دكّةً وَاحِدَةً** ഒരു തകർക്കപ്പെടൽ, **فيومئذ** അന്നേദിവസം, **وقعت** സംഭവിക്കുകയായി, **الواقعة** ആ കടുത്ത സംഭവം, **وانشقت** പൊട്ടിത്തകരും, **السماء** വാനലോകം, **فهي** എന്നിട്ടത്, **يومئذ** അന്നേദിവസം, **واهية** ദുർബലമായതായിരിക്കും (കടലാസുകോട്ടപോലെ തകർന്നുവീഴും), **والملك** മലക്കുകൾ, **على أرجائها** അതിന്റെ നാലുപാടും നിലകൊള്ളും, **ويحمل** ചുമക്കുന്നുണ്ടാകും, **ربك عرش** നിന്റെ നാഥന്റെ ദിവ്യാസനം, **فوقهم** അവരുടെ മേൽ, **يومئذ** അന്ന്, **ثمانية** എട്ടു മലക്കുകൾ, **تعرضون** പരസമായി വിചാരണ ചെയ്യപ്പെടും, **لا تخفى** അജ്ഞാതമാവുകയില്ല, **منكم** നിങ്ങളിൽ നിന്ന്, **خافية** ഒരു രഹസ്യംപോലും.

1. **نفخة واحدة** എന്നതിലെ **واحدة** എന്ന പദത്തെപ്പറ്റി ഡോ. വഹബത്തു സുഹൈലി രേഖപ്പെടുത്തുന്നു:

وإن كانت النفخة لا تكون إلا واحدة،
على سبيل التأكيد

**واحدة** എന്ന പ്രയോഗം ഊത്തിന്റെ ഊന്നിപ്പറയലിനെ കുറിക്കുന്നു' (*അത്തഫ്സീറുൽ മുനീർ* 29:87)

2. **واهية** എന്ന പദത്തിന് ഇമാം റാഗിബ് നൽകിയ വിശദീകരണം ഇപ്രകാരമാണ്.

وكل شيء استرخى رباطه

ഓരോ കാര്യവും അതിന്റെ ബന്ധങ്ങൾ തകരുന്നു (*മുഫ്റദാത്ത്* 550)

## ആശയം

ലോകാവസാനത്തിന്റെ പ്രാരംഭം കുറിക്കുന്ന ഗംഭീരമായ ശബ്ദഘോഷം അതത്രെ ഇസ്റാഫീലിന്റെ കാഹളമൂത്ത്. വിചാരണാദിനത്തിന്റെ ആഗമനം വിളിച്ചറിയിച്ചുകൊണ്ട് ഒന്നാമത്തെ തവണ കാഹളമൂതപ്പെടും. അപ്പോൾ ആ ഭീകരഘോഷം കേട്ട് മനുഷ്യരാസകലം പരിഭ്രാന്തരായിത്തീരും. രണ്ടാമത്തെ ഊത്തോടെ പ്രപഞ്ചവ്യവസ്ഥ മുഴുവൻ തകർന്നുതരിപ്പണമാകും. മൂന്നാമത്തെ കാഹളമൂത്തോടെ പുതിയ പ്രപഞ്ചവ്യവസ്ഥ പുനസ്ഥാപിക്കപ്പെടുന്നു. സകലമനുഷ്യരും വിചാരണയുടെ മൈതാനിയിൽ പുനരെഴുന്നേറ്റു കടന്നുവരുന്നു.

അല്ലാഹുവിന്റെ അപാരമായ സാമ്രാജ്യവ്യവസ്ഥയ്ക്കനുയോജ്യമായ വിധത്തിൽ സംഘടിപ്പിക്കപ്പെടുന്ന മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങൾക്കതീതമായ അനുപമമായ ആത്മീയ ലോകത്തിന്റെ ആരംഭം കുറിക്കുന്നതിന് മുമ്പുണ്ടാകുന്ന പ്രപഞ്ചത്തിന്റെ മഹാനാശത്തെപ്പറ്റിയുള്ള പ്രോജ്വലമായ വിവരണങ്ങൾ. ഭൂമി അതിന്റെ അകത്തളങ്ങളിൽ ജ്വലിപ്പിച്ചുനിർത്തിയ വസ്തുക്കളെല്ലാം പുറംതള്ളി ഭൂമിയുടെ പരപ്പും ഉയർച്ചയുംത

കർന്നു തരിപ്പണമാകുന്ന രംഗം. ഭൂമുഖത്തിന്റെ ഫലകങ്ങൾ (plates) തകർന്നടിയുകയും അഗ്നി പർവതസ്ഫോടനങ്ങളാൽ എല്ലാം അടിച്ചു ഉടക്കപ്പെടുകയും ചെയ്യുന്ന ഘോരമായ നാൾ. അന്നാണ് ആ മഹാദിനം.

വാനലോകത്ത് വിന്യസിക്കപ്പെട്ട നക്ഷത്രങ്ങളും ഗോളങ്ങളും അവയുടെ ഓർബിറ്റുകൾവിട്ട് ഭ്രമണപഥം തെറ്റി ചീട്ടുകൊട്ടാരംപോലെ തകർന്നടിയുന്ന നാൾ. പ്രപഞ്ച നാശത്തിന്റെ സീമകൾക്കപ്പുറം, സ്രഷ്ടാവിന്റെ രാജപീഠം വഹിക്കുന്ന മാലാഖമാർ സർവസജ്ജരായി കുടികൊള്ളുന്നു. അന്ന് സകല മനുഷ്യരും വിചാരണയുടെ ഭൂമികയിൽ പുനസൃഷ്ടിക്കപ്പെട്ട് ഹാജരാകുന്നതാണ്. യാതൊരു മുൻമാതൃകയുമില്ലാതെ കോടാനുകോടി നക്ഷത്രങ്ങൾ അടങ്ങുന്ന മഹാപ്രപഞ്ചത്തെയും കോടിക്കണക്കിന് മനുഷ്യരെയും അനവധി കോടി ജന്തു സസ്യജാലങ്ങളെയും സൃഷ്ടിച്ച സ്രഷ്ടാവിനത് നിഷ്പ്രയാസമത്രെ.

മനസ്സിന്റെ അകതാരിൽ ഒളിച്ചുവെച്ച ഗൂഢതന്ത്രങ്ങളുടെ കള്ളക്കളികളും ഇരുളിന്റെ മറവിൽ ചെയ്തുകൂട്ടിയ അധാർമികതയുടെ അകപ്പൊരുളുകളും എല്ലാം പ്രത്യക്ഷപ്പെടുന്ന സൂക്ഷ്മമായ വിചാരണയുടെ ലോകം. അവിടെ യാതൊന്നും ഗോപ്യമല്ല. മറഞ്ഞിരിക്കില്ല. എല്ലാം പ്രകടം. പ്രത്യക്ഷം. നമ്മുടെ ജീവിതത്തിലെ അകത്തളങ്ങളിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്ന അരുതായ്മകൾക്കെല്ലാം ഉത്തരം പറയേണ്ടിവരുന്ന കണിശമായ വിചാരണയുടെ നാളിനെ ഓർത്ത് ജീവിതം ക്രമപ്പെടുത്തുക.

## കാഹളത്തിൽ ഊതൽ

കാഹളത്തിൽ ഊതപ്പെടുമ്പോൾ സംഭവിക്കുന്ന മൂന്ന് കാര്യങ്ങളിലേക്ക് ഖുർആൻ വിരൽചൂണ്ടുന്നുണ്ട്. ഭയവിഹ്വലതയുടെ ഊത്ത്, മരണത്തിന്റെ ഊത്ത്, ഉയിർത്തെഴുന്നേല്പിന്റെ ഊത്ത് എന്നിവയാണവ. ഒന്നാമത്തെ ഊത്തിനെപ്പറ്റി പരാമർശിക്കുന്ന വാക്യം ഇതാണ്:

وَيَوْمَ يُنفَخُ فِى ٱلصُّورِ فَفَزِعَ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۚ وَكُلٌّ أَتَوْهُ دَٰخِرِينَ ﴿٨٧﴾ وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ ۚ صُنْعَ ٱللَّهِ ٱلَّذِىٓ أَتْقَنَ كُلَّ شَىْءٍ ۚ إِنَّهُۥ خَبِيرٌۢ بِمَا تَفْعَلُونَ ﴿٨٨﴾

"കാഹളത്തിൽ ഊതപ്പെടുന്ന അന്ന് ആകാശ ഭൂമികളിലുള്ളവരൊക്കെയും ഭയവിഹ്വലരാകും. ഭീതിയിൽ നിന്ന് മുക്തരാവണമെന്ന് അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. എല്ലാവരും എളിയവരായിക്കൊണ്ട് അവന്റെ അടുക്കൽ ഹാജരാവുകയും ചെയ്യും. ഇന്ന് നീ കാണുന്ന പർവതങ്ങൾ ഉറച്ചുനില്ക്കുന്നതായി നിനക്ക് തോന്നുന്നു. എന്നാൽ അന്നവ മേഘങ്ങൾപോലെ പാറിക്കൊണ്ടിരിക്കും" (അന്നംല് 87,88). രണ്ടാമത്തെ ഊത്ത് വിവരിക്കപ്പെടുന്നത് ഇപ്രകാരമാണ്.

وَنُفِخَ فِى ٱلصُّورِ فَصَعِقَ مَن فِى ٱلسَّمَٰوَٰتِ وَمَن فِى ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ۖ ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ ﴿٦٨﴾

"അന്നാളിൽ കാഹളം ഊതപ്പെടുന്നു. അപ്പോൾ വാനഭൂവനങ്ങളിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു. ജീവനുള്ളവരാകാൻ അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നെ ഒരു ഊത്തുണ്ടാകും. അപ്പോഴതാ എല്ലാവരും എഴുന്നേറ്റു നോക്കാൻ തുടങ്ങുന്നു" (അസ്സുമർ 68)

وَنُفِخَ فِى ٱلصُّورِ فَإِذَا هُم مِّنَ ٱلْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ ﴿٥١﴾

"പിന്നെ കാഹളത്തിൽ ഊതപ്പെടുന്നു. അപ്പോൾ പെട്ടെന്നതാ മർത്യരൊക്കെയും താന്താങ്ങളുടെ ശവകുടീരങ്ങളിൽ നിന്നെഴുന്നേറ്റ് അവരുടെ റബ്ബിന്റെ സമക്ഷത്തിൽ ഹാജരാകാൻ ധൃതിയിൽ യാത്രയാകുന്നു" (യാസീൻ 51). ഓരോരുത്തരും അവരുടെ ദൂതനോടൊപ്പം വിളിക്കപ്പെടും.

يَوْمَ نَدْعُوا۟ كُلَّ أُنَاسٍۭ بِإِمَٰمِهِمْ

"അന്ന് മർത്യരിലെ ഓരോ വിഭാഗത്തെയും അവരുടെ നേതാവിനോടൊപ്പം നാം വിളിക്കും" (ഇസ്റാഅ് 71)

## ഭൂമിയുടെ പരിണാമം

كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا دَكًّا ﴿٢١﴾

"വേണ്ടാ, ഭൂമി ഇടിച്ചുപൊളിച്ചു നിരത്തിയാൽ" (അൽ ഫജ്ർ 21)

## ആകാശ പരിണാമം

ആകാശത്തിനുണ്ടാകുന്ന പരിണാമത്തെപ്പറ്റി ഖുർആൻ മറ്റൊരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു.

إِذَا ٱلسَّمَآءُ ٱنفَطَرَتْ ﴿١﴾ وَإِذَا ٱلْكَوَاكِبُ ٱنتَثَرَتْ ﴿٢﴾

"ആകാശം പൊട്ടിപ്പിളരുമ്പോൾ, താരകങ്ങൾ ചിതറി വീഴുമ്പോൾ"

## പർവത പരിണാമം

وَيَسْـَٔلُونَكَ عَنِ ٱلْجِبَالِ فَقُلْ يَنسِفُهَا رَبِّى نَسْفًا ﴿١٠٥﴾

"ഈ മലകളെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക, അതൊക്കെ എന്റെ രക്ഷിതാവ് തവിടുപൊടിയാക്കിക്കളയും" (ത്വാഹാ 105)

## എല്ലാം വെളിപ്പെടുത്തുന്ന നാൾ

يَوْمَ هُم بَٰرِزُونَ ۖ لَا يَخْفَىٰ عَلَى ٱللَّهِ مِنْهُمْ شَىْءٌ ۚ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ۖ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿١٦﴾

"അവർ വെളിക്കുവരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച് യാതൊരു കാര്യവും അല്ലാഹുവിന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവാധിപതിയുമായ അല്ലാഹുവിന്" (മുഅ്മിൻ 16)

يَوْمَ تُبْلَى ٱلسَّرَآئِرُ ﴿٩﴾

"രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം" (ത്വാരിഖ് 9)